പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3801

26.06.2012-ൽ മറുപടിക്ക്

## പുതിയ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ അവയേതെന്നും അവയുടെ പ്രവർത്തന സ്വഭാവവും വ്യക്തമാക്കാമോ; | (ബി) ചോദ്യം ഉദിക്കുന്നില്ല |
| (സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ? | സി) മുൻസർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പുതിയതായി ആരംഭിച്ച യൂണിറ്റുകളിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ യൂണിറ്റ് ഒഴികെ എല്ലാം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും മെഷിനറികളെല്ലാം സ്ഥാപിച്ച് സജ്ജമാക്കി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കാനുള്ള നിലയിലാണ്. ഇവയിൽ സ്റ്റീൽ ആൻറ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ കീഴിലുള്ള ഷൊർണ്ണൂരിലെ മെഷിനിംഗ് യൂണിറ്റ്, കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ കീഴിലുള്ള കോഴിക്കോട് ഹൈടെക് ബാംബു ടൈൽ ഫാക്ടറി, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷന്റെ കീഴിലുള്ള കോഴിക്കോട് ടൂൾ റൂം കം ട്രെയിനിംഗ് സെൻറർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ച് പൂർണ്ണമായ രീതിയിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

Adithab

സെക്ഷൻ ഓഫീസർ